# പതിമൂന്നാം കേരള നിയമസഭ – ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :142 10/06/13-ൽ മറുപടിക്ക്

## മത്സ്യഗ്രാമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ<br>" എ.എം. ആരിഫ്<br>" കെ.വി. അബ്ദുൾ ഖാദർ<br>" കെ. ദാസൻ : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) മത്സ്യഗ്രാമങ്ങളുടെ വികസനത്തിനായി പ്രഖ്യാപിച്ച സമഗ്ര പദ്ധതി നടപ്പിലാക്കിയിട്ടു ണ്ടോ; | (എ) മത്സ്യഗ്രാമങ്ങളുടെ വികസനത്തിനായി സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മാതൃക മത്സ്യഗ്രാമ പദ്ധതി, നബാർഡിന്റെ ഗ്രാമീണ വികസന ഫണ്ട് ഉപയോഗിച്ചുള്ള സമഗ്ര പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ ഹഡ്കോ സഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതിയും പരിഗണനയിലാണ്. |
| (ബി) മത്സ്യഗ്രാമങ്ങളായി പരിഗണിച്ചിട്ടുള്ളവ എത്രയാണ്; എല്ലാ ഗ്രാമങ്ങളിലും പദ്ധതി നടപ്പാക്കുന്നതിന് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര; | (ബി) കേരളത്തിന്റെ മൊത്തം 222 മത്സ്യ ഗ്രാമങ്ങളിൽ സംയോജിത മത്സ്യ ഗ്രാമത്തിൽ ഉൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപ ഉപയോഗിച്ച് 25 മത്സ്യഗ്രാമങ്ങളെയും 2013-14 സാമ്പത്തിക വർഷത്തിൽ 40 കോടി രൂപ ഉപയോഗിച്ച് 20 മത്സ്യഗ്രാമങ്ങളെയും പരിഗണിക്കുന്നു. ഇതുകൂടാതെ മാതൃക മത്സ്യഗ്രാമ പദ്ധതിയിൽ 32 മത്സ്യഗ്രാമങ്ങളാണ് പരിഗണിച്ചിട്ടുള്ളത്. ഇതിനായി 160 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |
| (സി) പദ്ധതിയ്ക്ക് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നുള്ള സാമ്പത്തിക സഹായങ്ങളാണ് ഉറപ്പാക്കിയിരിക്കുന്നത്; ബജറ്റ് വിഹിത വിനിയോഗം എത്ര; | (സി) സംയോജിത മത്സ്യഗ്രാമ പദ്ധതിക്കായി സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമായി 2012-13 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 40 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

13-ാം ധനകാര്യകമ്മീഷൻ ശുപാർശ പ്രകാരം അനുവദിച്ച 200 കോടിരൂപയും മത്സ്യഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനായി ഉപയോഗിക്കുന്നു. മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനായി ഹഡ്കോയിൽ നിന്നും 150 കോടി രൂപ വായ്പയായി സമാഹരിക്കുന്നതിനും, മത്സ്യഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 150 കോടി രൂപ നബാർഡിൽ നിന്നും സമാഹരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.

| | |
|---|---|
| (ഡി) പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ, പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയ്ക്കായി 2012-13 സാമ്പത്തിക വർഷത്തിൽ തെരെഞ്ഞെടുക്കപ്പെട്ട 25 മത്സ്യഗ്രാമങ്ങളിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ആകെ 4895.23 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 21.53 കോടി രൂപയുടെ കുടിവെള്ളവിതരണം, 13.08 കോടി രൂപയുടെ വൈദ്യുതീകരണം, 8.53 കോടി രൂപയുടെ സാനിട്ടേഷൻ, 3.82 കോടിയുടെ ലൈബ്രറി സഹായം, 1.66 കോടിയുടെ ജീവനോപാധി സഹായം എന്നീ പ്രവർത്തനങ്ങളാണ് സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി (2012-13)യിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്. |

കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ വഴി അനുവദിച്ച 200 കോടിയിൽ 160 കോടി രൂപ മത്സ്യഗ്രാമ പദ്ധതിയ്ക്കായും 40 കോടി രൂപ ഫിഷറീസ് സ്കൂളുകളുടെ നവീകരണത്തിനുമായി ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ